"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം-സ്പെഷ്യൽ കാഷൽ ലീവ് മൂലമുണ്ടാകുന്ന ഒഴിവിൽ ദിവസവേതനത്തിലുള്ള അധ്യാപക നിയമനം ഹയർസെക്കണ്ടറി, വൊക്കേഷണൽ ഹയർസെക്കണ്ടറി വിഭാഗങ്ങൾക്കു കൂടി ബാധകമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ജെ) വകുപ്പ്**

സ.ഉ.(കൈ) നം.215/2021/പൊ.വി.വ തീയതി,തിരുവനന്തപുരം, 04/10/2021

---

പരാമർശം:- 1) സ.ഉ(കൈ) നം.71/ 2019/ പൊ.വി.വ തീയതി 25/ 06/ 2019
2) പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 5.10.2019 തീയതിയിലെ ഇ3/7385/2019 നമ്പർ കത്ത്

**ഉത്തരവ്**

സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ സ്പെഷ്യൽ കാഷൽ ലീവ് മൂലം ഉണ്ടാകുന്ന ഒരു മാസത്തിൽ കൂടുതലുള്ള ഒഴിവുകളിൽ ചട്ടങ്ങൾക്കനുസൃതമായി ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് പരാമർശം(1) ഉത്തരവ് പ്രകാരം അനുവാദം നൽകി ഉത്തരവായിരുന്നു.ടി ഉത്തരവ് ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗങ്ങളിൽ സമാന രീതിയിൽ ഉണ്ടാകുന്ന ഒഴിവുകൾ നികത്തുന്ന കാര്യത്തിൽ ബാധകമാക്കുന്ന കാര്യത്തിൽ പരാമർശം (2) പ്രകാരം സ്പഷ്ടീകരണം ആവശ്യപ്പെടുകയുണ്ടായി.

2 ) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്രൈമറി സ്കൂൾ, ഹൈസ്കൂൾ, ഹയർ സെക്കണ്ടറി സ്കൂൾ, വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂൾ എന്നിവ സംയോജിപ്പിച്ചുകൊണ്ട് പൊതുവിദ്യാഭ്യാസ വകുപ്പ് നിലവിൽ വരുകയും അവയെല്ലാം ഒരൊറ്റ അധികാരി(പൊതുവിദ്യാഭ്യാസ ഡയറക്ടർ) യുടെ നിയന്ത്രണത്തിലാക്കുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ 25/06/2019 ലെ ഉത്തരവ് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് കീഴിലുള്ള ഹയർസെക്കണ്ടറി, വൊക്കേഷണൽ ഹയർസെക്കണ്ടറി വിഭാഗങ്ങൾക്ക് കൂടി ബാധകമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3) 2018-19 അദ്ധ്യയനവർഷം മുതൽ നാളിതുവരെയുള്ള ഇത്തരം നിയമനങ്ങൾ അംഗീകരിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ ചട്ടപ്രകാരമുള്ള നിർദ്ദിഷ്ട സമയപരിധിയ്ക്കുള്ളിൽ ലഭിച്ച്,

ഹയർസെക്കണ്ടറി, വൊക്കേഷണൽ ഹയർസെക്കണ്ടറി വിഭാഗം നിയമന അംഗീകാര അതോറിട്ടികൾ മുമ്പാകെ തീർപ്പാക്കാതെ ഉണ്ടെങ്കിൽ മാത്രം, ആയവ മറ്റുവിധത്തിൽ ക്രമപ്രകാരമെങ്കിൽ, 25/06/2019ലെ സ.ഉ.(കൈ )നം.71/2019/ പൊ.വി.വ ഉത്തരവിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് അംഗീകരിക്കാമെന്നും, ചട്ടപ്രകാരമുള്ള സമയപരിധിയ്ക്കുള്ളിൽ സമർപ്പിച്ചിട്ടില്ലാത്തവ പുതുതായി പരിഗണിക്കേണ്ടതില്ലെന്നും/ സ്വീകരിക്കേണ്ടതില്ലെന്നും നിർദ്ദേശിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
A P M Mohammed Hanish
പ്രിൻസിപ്പൽ സെക്രട്ടറി

പകർപ്പ്
പൊതുവിദ്യാഭ്യാസ ഡയറക്ടർ,തിരുവനന്തപുരം.
എല്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും (പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ,കേരളം,തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, KITE, തിരുവനന്തപുരം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
പൊതുവിദ്യാഭ്യാസ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും ഓഫീസർമാർക്കും

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:ബഹു.പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
പൊതുവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്